# PSC Boat Lascar - Kerala State Water Transport Examination Previous Year Question Paper

*Exam Name: Boat Lascar - Kerala State Water Transport*

***Date of Test : 01.11.2016***

*Question Paper Code: 142/2016*

*Medium of Questions: Malayalam*

PSCNET.in

www.pscnet.in fb.com/pscnet.in

# 142/2016 - M

1. രാജസ്ഥാനിലെ മസ്ദൂർ കിസ്സാൻ ശക്തി സംഘാതൻ എന്ന സംഘടന നടത്തിയ പ്രവർത്തനങ്ങളിലൂടെ ഇന്ത്യയിൽ ഉണ്ടായ നിയമ നിർമ്മാണം ഏത് ?
   (A) ലോക്പാൽ ലോകായുക്ത് (B) കർഷകത്തൊഴിലാളി അവകാശ നിയമം
   (C) വിവരാവകാശ നിയമം (D) സേവനാവകാശ നിയമം

2. എടയ്ക്കൽ ഗുഹ ഏത് ജില്ലയിൽ സ്ഥിതിചെയ്യുന്നു ?
   (A) ഇടുക്കി (B) പാലക്കാട് (C) കാസർഗോഡ് (D) വയനാട്

3. ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്ട് ഏത് വർഷം നിലവിൽ വന്നു ?
   (A) 1930 (B) 1935 (C) 1940 (D) 1945

4. അമര സിംഹന്റെ 'അമരകോശം' എന്ന കൃതിയിലെ വിഷയം എന്താണ് ?
   (A) സാഹിത്യം (B) വൈദ്യം (C) ശാസ്ത്രം (D) ഭാഷാ നിഘണ്ടു

5. കേരളത്തിൽ ഏറ്റവും ഒടുവിൽ രൂപം കൊണ്ട കോർപ്പറേഷൻ ഏത് ?
   (A) കൊല്ലം (B) തൃശൂർ (C) കണ്ണൂർ (D) കോഴിക്കോട്

6. കേരളത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനു വേണ്ടി പ്രവർത്തിച്ച വ്യക്തി ആര് ?
   (A) മയിലമ്മ (B) ദശരഥ് മാഞ്ചി
   (C) ദയാഭായി (D) കല്ലേൻ പൊക്കുടൻ

7. 'ഒന്നേകാൽ കോടി മലയാളികൾ' എന്നഗ്രന്ഥത്തിന്റെ രചയിതാവ് ആര് ?
   (A) സി. അച്യുത മേനോൻ (B) എ.കെ. ഗോപാലൻ
   (C) ഇ.കെ. നായനാർ (D) ഇ.എം.എസ്. നമ്പൂതിരിപ്പാട്

8. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ അദ്ധ്യക്ഷ പദവിയിലിരുന്ന ഏക മലയാളി ആര് ?
   (A) ചേറ്റൂർ ശങ്കരൻ നായർ (B) പട്ടം വി. താണുപിള്ള
   (C) കെ. അയ്യപ്പൻ (D) വി.കെ. കൃഷ്ണമേനോൻ

9. 'ട്രെയിൻ ടു പാകിസ്ഥാൻ' എന്ന സിനിമയുടെ ശില്പി ആര് ?
   (A) ഗോവിന്ദ് നിഹലാനി (B) ശ്യാം ബെനഗൽ
   (C) പമേല റൂക്ക്സ് (D) എം.എസ്. സത്യം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

27. 'വന്ദേമാതരം' ഏത് ഭാഷയിലാണ് രചിക്കപ്പെട്ടത് ?
(A) ഹിന്ദി (B) ബംഗാളി (C) സംസ്കൃതം (D) ഉറുദു

28. ദേശീയ സാക്ഷരതാമിഷൻ (എൻ.എൽ.എം.) ഇന്ത്യയിൽ ആരംഭിച്ചതെന്ന് ?
(A) 1986 (B) 1988 (C) 1990 (D) 1993

29. കണ്ട്ല തുറമുഖം ഏത് സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു ?
(A) മഹാരാഷ്ട്ര (B) ഗുജറാത്ത് (C) ഒറീസ്സ (D) തമിഴ്നാട്

30. ഷിപ്കിലാ ചുരം ഏത് സംസ്ഥാനത്താണ് ?
(A) ഹിമാചൽ പ്രദേശ് (B) അരുണാചൽ പ്രദേശ്
(C) ജമ്മുകാശ്മീർ (D) സിക്കിം

31. ലോകമനുഷ്യാവകാശ ദിനം എന്ന് ?
(A) ജൂലൈ 10 (B) ഒക്ടോബർ 10 (C) നവംബർ 10 (D) ഡിസംബർ 10

32. ഇന്ത്യ അന്റാർട്ടിക്കയിൽ സ്ഥാപിച്ച ആദ്യ ഗവേഷണ കേന്ദ്രം ഏത് ?
(A) ദക്ഷിണ ഗംഗോത്രി (B) ഭാരതി
(C) മൈത്രി (D) ആര്യഭട്ട

33. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന കാലവർഷം ഏത് കാറ്റിലൂടെയാണ് ?
(A) വടക്ക് - കിഴക്കൻ മൺസൂൺ
(B) തെക്ക്-വടക്ക് മൺസൂൺ
(C) തെക്ക് - പടിഞ്ഞാറൻ മൺസൂൺ
(D) കിഴക്ക് - പടിഞ്ഞാറൻ മൺസൂൺ

34. 'ഇമ്പീരിയൽ ബാങ്ക് ഓഫ് ഇന്ത്യ' ദേശസാത്കരിച്ചതിനു ശേഷം നല്കിയ പുതിയ പേരെന്ത് ?
(A) ബാങ്ക് ഓഫ് ഇന്ത്യ (B) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ
(C) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (D) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

35. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ ആര് ?
(A) എച്ച്. എൽ. ദത്തു (B) ടി.എസ്. ഠാക്കൂർ
(C) കെ.ജി. ബാലകൃഷ്ണൻ (D) സിറിയക്ക് ജോസഫ്

36. "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്." - ഈ വരികൾ ആര് രചിച്ചതാണ് ?
(A) ശ്രീ നാരായണ ഗുരു (B) സഹോദരൻ അയ്യപ്പൻ
(C) കുമാരഗുരുദേവൻ (D) ചട്ടമ്പി സ്വാമികൾ



Join PSC WhatsApp Broadcast List : 90747 20773

37. മലയാളിയായ പി. ആർ. ശ്രീജേഷ് ഏത് ദേശീയ കായികതാരമാണ് ?
(A) ഫുട്ബോൾ (B) ഹോക്കി (C) വോളിബോൾ (D) കബഡി

38. 'സാധുജന പരിപാലന സഭ'യുടെ സ്ഥാപകനാര് ?
(A) കെ. കേളപ്പൻ (B) വൈകുണ്ഠസ്വാമികൾ
(C) അയ്യങ്കാളി (D) കെ.പി.കറുപ്പൻ

39. കേരള മന്ത്രിസഭയിലെ ഫിഷറീസ് - ഹാർബർ-എഞ്ചിനീയറിംഗ് വകുപ്പുമന്ത്രി ആര് ?
(A) കെ.കെ. ശൈലജ (B) രാമചന്ദ്രൻ കടന്നപ്പള്ളി
(C) പി. തിലോത്തമൻ (D) ജെ. മേഴ്സിക്കുട്ടിയമ്മ

40. ലോക്സഭാ സ്പീക്കർ ആരാണ് ?
(A) മീരാകുമാർ (B) സുമിത്ര മഹാജൻ
(C) ഹമീദ് അൻസാരി (D) സുഷമസ്വരാജ്

41. കേരളത്തിലെ ഏത് തുറമുഖത്തിന്റെ നിർമ്മാണച്ചുമതലയാണ് അദാനിഗ്രൂപ്പിന് കൈമാറിയിരിക്കുന്നത് ?
(A) ആലപ്പുഴ (B) വിഴിഞ്ഞം (C) നീണ്ടകര (D) ബേപ്പൂർ

42. ഷെന്തുരുണി വന്യ ജീവി സങ്കേതം ഏത് ജില്ലയിലാണ് ?
(A) ഇടുക്കി (B) വയനാട് (C) പത്തനം തിട്ട (D) കൊല്ലം

43. ഇന്ത്യയിലെ മുഖ്യ തിരഞ്ഞെടുപ്പുകമ്മീഷണർ ആര് ?
(A) ദീപക് ഗുപ്ത (B) നസീം സെയ്ദി (C) നളിനി നെറ്റോ (D) ടി.എൻ. ശേഷൻ

44. പോയവർഷത്തെ മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ സിനിമ ഏത് ?
(A) അമീബ (B) ഒരാൾപ്പൊക്കം
(C) ചാർളി (D) ഒഴിവുദിവസത്തെകളി

45. ജലവാഹനത്തിന്റെ വലതു ഭാഗത്തെ __________ എന്നു പറയുന്നു.
(A) സ്റ്റേൺ (B) സ്റ്റെം
(C) സ്റ്റാർബോർഡ് സൈഡ് (D) പോർട്ട് സൈഡ്

46. ഒരു ജലയാനം യാത്ര ചെയ്യുമ്പോൾ പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ ഏതെല്ലാം?
(A) ഒരു മാസ്റ്റ് ഹെഡ് ലൈറ്റ് മുന്നോട്ട്
(B) സൈഡ് ലൈറ്റുകൾ
(C) സ്റ്റേൺ ലൈറ്റ് പിന്നോട്ട്
(D) മുകളിൽ പറഞ്ഞവ എല്ലാം


Join PSC WhatsApp Broadcast List : 90747 20773

47. ഒരു യന്ത്രവൽകൃത ജലയാനം ഓടിക്കൊണ്ടിരിക്കുമ്പോൾ താഴെപ്പറയുന്നവയിൽ ഏതിനാണ് വഴിമാറികൊടുക്കേണ്ടത് ?
(A) കമാന്റില്ലാത്ത ഒരു ജലവാഹനത്തിന്
(B) ചലനശേഷി പരിമിതമായ ജലയാനത്തിന്
(C) മീൻ പിടുത്തത്തിൽ ഏർപ്പെട്ടിട്ടുള്ള ജലയാനത്തിന്
(D) മുകളിൽ പറഞ്ഞവയെല്ലാം

48. ജലയാനത്തിൽ എണ്ണ മൂലമുണ്ടാകുന്ന തീ അണക്കുന്നതിന് ഉപയോഗിക്കാവുന്നത് ഏത് ?
(A) വെള്ളം (B) ഫോം ടൈപ്പ് അഗ്നിശമനി
(C) സോഡാ ആസിഡ് അഗ്നിശമനി (D) മുകളിൽ പറഞ്ഞവ എല്ലാം

49. ജലയാനങ്ങളുടെ സുരക്ഷിത വേഗത തീരുമാനിക്കുന്നതിന് കണക്കിലെടുക്കേണ്ട വസ്തുക്കൾ ഏതെല്ലാം ?
(A) മറ്റു ജലയാനങ്ങളുടെ തിരക്ക് ഉൾപ്പെടെയുള്ള ട്രാഫിക് സ്ഥിതി
(B) കാണുന്നതിലുള്ള വ്യക്തത
(C) കാറ്റിന്റേയും ഒഴുക്കിന്റേയും സ്ഥിതിയും അപകട സാദ്ധ്യതയും
(D) മുകളിൽ പറഞ്ഞവ എല്ലാം

50. ജലവാഹനത്തിൽ ദിശ അറിയാൻ ഉപയോഗിക്കുന്നതെന്ത് ?
(A) ബൈനാക്കുലർ (B) കോമ്പസ് (C) വി.എച്ച്.എഫ് (D) നങ്കൂരം

51. ലൈഫ് റാഫ്റ്റിൽ ഒരുക്കിയിട്ടുള്ള വസ്തുക്കൾ ഏത് ?
(A) പ്രഥമ ശുശ്രൂഷയ്ക്കുള്ള മരുന്ന് (B) ഭക്ഷണം
(C) വെള്ളം (D) മുകളിൽ പറഞ്ഞവ എല്ലാം

52. ജലയാനം വെള്ളത്തിൽ എത്രഭാഗം മുങ്ങി നിൽക്കുന്നുവോ അതിനെ __________ എന്നു വിളിക്കുന്നു.
(A) ഡ്രാഫ്റ്റ് (B) ആഴം (C) ഉയരം (D) ഡെക്ക്

53. ജലവാഹനത്തിന്റെ പുറം ചട്ടത്തിനെ __________ എന്നു പറയുന്നു
(A) കീൽ (B) ഹൾ (C) ഡെക്ക് (D) ഹാച്ച്

54. ക്ലാസ് I -ൽ പ്പെട്ട ജലവാഹനത്തിൽ കരുതിയിരിക്കേണ്ട മുതിർന്നവരുടെ ലൈഫ് ജാക്കറ്റ് :
(A) മൊത്തം യാത്രക്കാരുടേയും ജീവനക്കാരുടേയും 50%
(B) മൊത്തം യാത്രക്കാരുടേയും ജീവനക്കാരുടേയും 25%
(C) മൊത്തം യാത്രക്കാരുടേയും ജീവനക്കാരുടേയും എണ്ണം
(D) ഇതൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

55. ജലവാഹനങ്ങൾ ജെട്ടിയിൽ അടുപ്പിക്കുമ്പോൾ ബർത്തിംഗ് റോപ്പുകൾ കരയിലേക്ക് കൊടുക്കുന്നതിന് എറിഞ്ഞുകൊടുക്കുന്ന ഭാരം കുറഞ്ഞ റോപ്പ് :
(A) ഹീവിംഗ് ലൈൻ
(B) വിഞ്ച്
(C) സ്റ്റീൽ റോപ്പ്
(D) വടം

56. ജലവാഹനത്തിന്റെ ഇടതു ഭാഗത്തെ __________ എന്നു പറയുന്നു.
(A) സ്റ്റേൺ
(B) സ്റ്റെം
(C) പോർട്ട് സൈഡ്
(D) സ്റ്റാർബോർഡ് സൈഡ്

57. ജലവാഹനത്തിൽ അത്യാവശ്യം ഉണ്ടാകേണ്ടവ ?
(A) ലൈഫ് ജാക്കറ്റ്
(B) ലൈഫ് ബോയ്
(C) അഗ്നിശമനികൾ
(D) മുകളിൽ പറഞ്ഞവ എല്ലാം

58. ജലവാഹനത്തിൽ തീ പിടിച്ചാൽ അണക്കുന്നതിന് ഉപയോഗിക്കാവുന്നത് ?
(A) വെള്ളം
(B) കെമിക്കൽ പൗഡർ
(C) ഫോം ടൈപ്പ് അഗ്നിശമനി
(D) മുകളിൽ പറഞ്ഞവ എല്ലാം

59. നങ്കൂരത്തിന്റെ ഭാഗങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?
(A) ഷാങ്ക്
(B) മാനിഫോൾഡ്
(C) ബ്രിഡ്ജ്
(D) ഇവയൊന്നുമല്ല

60. ആളുകൾ ജലയാനത്തിൽ നിന്നും വെള്ളത്തിൽ വീണാൽ ചെയ്യേണ്ടത് ?
(A) ലൈഫ് ബോയ് ഇട്ടുകൊടുക്കുക
(B) അപകടവിവരം മാസ്റ്ററെ അറിയിക്കുക
(C) പ്രൊപ്പല്ലർ നിർത്തുക, ബോട്ട് തിരിക്കുകയും ചെയ്യുക.
(D) മുകളിൽ പറഞ്ഞവ എല്ലാം

61. ഒരു ജലവാഹനം മറ്റൊരു ജലവാഹനത്തിന് നേർക്കുനേർ വരുമ്പോൾ പരസ്പരം__________ ഭാഗത്തേക്ക് വഴി മാറി കൊടുക്കണം.
(A) ഇടത്തേക്ക്
(B) വലത്തേക്ക്
(C) പിന്നിലേക്ക്
(D) ഇവയൊന്നുമല്ല

62. തീ പിടിക്കാൻ പ്രധാനമായും ആവ്യമായത് ?
(A) ഓക്സിജൻ
(B) താപം
(C) ഇന്ധനം
(D) മേൽപ്പറഞ്ഞവ എല്ലാം



Join PSC WhatsApp Broadcast List : 90747 20773

63. മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന യാനങ്ങൾ പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ :
   (A) മുകളിൽ ചുമപ്പും, താഴെ വെള്ള പ്രകാശവുമുള്ള ഓൾ റൗണ്ട് ലൈറ്റുകൾ
   (B) രണ്ട് ചുവന്ന പ്രകാശമുള്ള ഓൾ റൗണ്ട് ലൈറ്റുകൾ
   (C) രണ്ട് മഞ്ഞ പ്രകാശമുള്ള ഓൾ റൗണ്ട് ലൈറ്റുകൾ
   (D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

64. ചലനശേഷി പരിമിതമായ ഒരു ജലയാനം പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ :
   (A) രണ്ടു ചുവപ്പ് ലൈറ്റുകൾ കുത്തനെ നൽക്കുന്ന സ്ഥിതിയിൽ
   (B) ഏറ്റവും മുകളിലും താഴെയുമുള്ളവ ചുമപ്പും മദ്ധ്യത്തിൽ വെള്ളത്തതുമായ മൂന്ന് ഓൾ റൗണ്ട് ലൈറ്റുകൾ കുത്തനെ നിൽക്കുന്ന സ്ഥിതിയിൽ
   (C) രണ്ട് വെള്ള ലൈറ്റുകൾ കുത്തനെ നിൽക്കുന്ന സ്ഥിതിയിൽ
   (D) ഇവയൊന്നുമല്ല

65. ജലവാഹനത്തിൽ ജോലി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ?
   (A) സുരക്ഷ ഉറപ്പു വരുത്തുക
   (B) ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തുക
   (C) ജലവാഹനം വൃത്തിയായി സൂക്ഷിക്കുക
   (D) മുകളിൽ പറഞ്ഞവ എല്ലാം

66. ഒരു ജലവാഹനം മറ്റൊന്നിന്റെ ദൃഷ്ടിയിൽ പെടുന്ന സമയത്ത് വലതു ഭാഗത്തേക്ക് ഗതി മാറ്റുകയാണെന്ന് സൂചിപ്പിക്കുന്ന വാണിങ്ങ് സിഗ്നൽ :
   (A) ഒരു സെക്കന്റ് സമയ ദൈർഘ്യമുള്ള ഒരു ഷോർട്ട് ബ്ലാസ്റ്റ്
   (B) രണ്ട് ഷോർട്ട് ബ്ലാസ്റ്റുകൾ
   (C) മൂന്ന് ഷോർട്ട് ബ്ലാസ്റ്റുകൾ
   (D) മുകളിൽ പറഞ്ഞവ എല്ലാം

67. ജലവാഹനങ്ങൾക്ക് കരയുമായും തമ്മിലും ആശയവിനിമയം നടത്തുന്നതിന് സാധാരണ ഉപയോഗിക്കുന്ന വാർത്താ വിനിമയ ഉപകരണം ?
   (A) എക്കോസൗണ്ടർ (B) റഡാർ (C) വി.എച്ച്.എഫ് (D) ജി.പി.എസ്

68. ഒരു ജലയാനത്തിന്റെ എഞ്ചിൻ സ്റ്റാർട്ട് ആകുന്നില്ല. കാരണം?
   (A) സ്റ്റാർട്ടിംഗ് മോട്ടോർ വർക്ക് ചെയ്യുന്നില്ല
   (B) ബാറ്ററിയിൽ ചാർജ്ജ് ഇല്ല
   (C) ഇന്ധനം എഞ്ചിനുള്ളിൽ എത്തുന്നില്ല
   (D) മുകളിൽ പറഞ്ഞവ എല്ലാം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

69. ദൂരെയുള്ള വസ്തുക്കളെ കാണാൻ ഉപയോഗിക്കുന്നത് ?
(A) കോമ്പസ് (B) ബൈനോക്കുലർ (C) വി.എച്ച്.എഫ് (D) നങ്കൂരം

70. ആഴം അളക്കുന്നതിന് ജലവാഹനങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണം ?
(A) എക്കോസൗണ്ടർ (B) ബൈനോക്കുലർ
(C) വി.എച്ച്.എഫ്. (D) നങ്കൂരം

71. നീളം കൂടിയ റോപ്പിന്റെ നീളം കുറക്കുന്നതിന് ഉപയോഗിക്കുന്ന ഹിച്ച് ഏത് ?
(A) ക്ലോവ് ഹിച്ച് (B) റ്റിംബർ ഹിച്ച്
(C) ഷീപ്പ് ഷാങ്ക് ഹിച്ച് (D) മാർലൈൻ സ്പ്ലൈഡ് ഹിച്ച്

72. ഒരു ജലവാഹനത്തിന്റെ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ?
(A) എഞ്ചിൻ ഓയിലിന്റെ നിറവും അളവും പരിശോധിക്കുക
(B) റേഡിയേറ്ററിലെ വെള്ളം പരിശോധിക്കുക
(C) ഗിയർ എൻഗേജ് ആണോ എന്ന് പരിശോധിക്കുക
(D) മുകളിൽ പറഞ്ഞവ എല്ലാം

73. ഒരു ജലവാഹനത്തിന്റെ നിയന്ത്രണം നടത്തുന്നത് എവിടെ നിന്നാണ് ?
(A) വീൽ ഹൗസ് (B) എഞ്ചിൻ റൂം
(C) ഫണൽ (D) പോർട്ട് സൈഡ്

74. ഒരു ജലവാഹനത്തിന്റെ ഏറ്റവും താഴെയുള്ള ഭാഗം ഏത് ?
(A) നങ്കൂരം (B) കീൽ (C) പ്രൊപ്പല്ലർ (D) റഡാർ

75. ഒരു ജലയാനത്തിലെ മാസ്റ്ററോ ജീവനക്കാരനോ, ഉടൻ വിവരം പോലീസിലോ മറ്റു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരയോ അറിയിക്കേണ്ട സന്ദർഭം ഏത് ?
(A) മറ്റൊരു ജലവാഹനം അപകടത്തിൽപ്പെടുന്നത് കണ്ടാൽ
(B) ജലയാനത്തിലുള്ള ആൾക്ക് മരണമോ, പരിക്കോ സംഭവിച്ചാൽ
(C) തീ പിടിച്ചാൽ
(D) ഇവയെല്ലാം

76. സഞ്ചാരികൾക്കായി ഉപയോഗിക്കുന്ന യാത്രായാനങ്ങളും കടത്തു ബോട്ടുകളും ഏതു ക്ലാസിൽ/ തരത്തിൽപ്പെടുന്നു ?
(A) ക്ലാസ് 1 (B) ക്ലാസ് 2 (C) ക്ലാസ് 3 (D) ക്ലാസ് 4


Join PSC WhatsApp Broadcast List : 90747 20773

77. നങ്കൂരമിട്ടിരിക്കുന്ന 20 മീറ്ററിൽ കൂടുതൽ നീളമുള്ള ജലയാനങ്ങൾ പ്രദർശിപ്പിക്കേണ്ട സിഗ്നൽ ?
   (A) പച്ചയും, ചുമപ്പും നിറമുള്ള ലൈറ്റ്
   (B) അണിയം ഭാഗത്ത് വെള്ളുത്ത ഓൾ റൗണ്ട് ലൈറ്റും പകൽ സമയത്ത് ഒരു കറുത്ത ബോളും
   (C) മഞ്ഞ ലൈറ്റും കറുത്ത ബോളും
   (D) ഇവയെല്ലാം

78. 25-ൽ കൂടുതൽ യാത്രക്കാർക്ക് കയറാവുന്ന ജലവാഹനം ഒരു __________ ന്റെ മേൽനോട്ടത്തിലും ചുമതലയിലും ആയിരിക്കണം.
   (A) മാസ്റ്റർ (B) എഞ്ചിനീയർ (C) ഡ്രൈവർ (D) ലസ്കർ

79. ജലവാഹനത്തിന്റെ ഗതി നിയന്ത്രിക്കുന്നതിന് ഉപയോഗിക്കുന്നത് ?
   (A) നങ്കൂരം (B) റഡാർ
   (C) റഡ്ഡാർ/ചുക്കാൻ (D) എഞ്ചിൻ

80. ഒരു ജലവാഹനത്തിന്റെ ഡ്രാഫ്റ്റ് കൂടുമ്പോൾ ഫ്രീ ബോർഡ് ________ :
   (A) കൂടുന്നു (B) കുറയുന്നു
   (C) മാറ്റമില്ലാതെ തുടരുന്നു (D) ഇവയൊന്നുമല്ല.

81. ശരീരത്തിൽ അണിഞ്ഞ് ഉപയോഗിക്കുന്ന ജീവൻ രക്ഷാ ഉപകരണം ഏത് ?
   (A) ലൈഫ് റാഫ്റ്റ് (B) ലൈഫ് ബോയ്
   (C) ലൈഫ് ജാക്കറ്റ് (D) മുകളിൽ പറഞ്ഞവ എല്ലാം

82. ഒരു ജലവാഹനത്തിൽ വെള്ളം കയറിയാൽ എന്തു ചെയ്യും ?
   (A) ബോട്ട് കരയിൽ വേഗം ഇടിച്ചു കയറ്റും
   (B) ബോട്ടിൽ നിന്നും ചാടി രക്ഷപ്പെടും
   (C) യാത്രക്കാരെ വെള്ളം കയറാത്ത ഭാഗത്തേക്ക് മാറ്റി നിർത്തും
   (D) പ്രവർത്തന ക്ഷമതയുള്ള പമ്പ് ഉപയോഗിച്ച് വെള്ളം പുറത്തേക്ക് പമ്പ് ചെയ്യുകളയും

83. പൈപ്പ് ലൈനുകളും വാൽവുകളും മറ്റും പിടിപ്പിച്ചിരിക്കുന്ന ഏറ്റവും താഴെയുള്ള ജലയാനത്തിന്റെ ഭാഗം ?
   (A) ബിൽജ് (B) ബോട്ട് (C) കീൽ (D) ഹാച്ചസ്

84. ജലവാഹനം കടലിൽ/വെള്ളത്തിൽ ഉറപ്പിച്ചു നിർത്താൻ ഉപയോഗിക്കുന്നത് ?
   (A) ഡറിക്ക് (B) വിഞ്ച് (C) നങ്കൂരം (D) ഹൾ



Join PSC WhatsApp Broadcast List : 90747 20773

85. മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിലെ ഏത് നിയമസഭാമണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് ?

(A) കണ്ണൂർ (B) തലശ്ശേരി (C) പയ്യന്നൂർ (D) ധർമ്മടം

86. ഇന്ത്യയിൽ സർവ്വോദയ പ്രസ്ഥാനം ആരാംഭിച്ചത് ആര് ?

(A) മദൻമോഹൻ മാളവ്യ (B) കേശവചന്ദ്രസെൻ
(C) സുരേന്ദ്രനാഥ ബാനർജി (D) ജയപ്രകാശ് നാരായണൻ

87. രാജ്യസഭയിൽ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങളുടെ എണ്ണമെത്ര ?

(A) 29 (B) 9 (C) 20 (D) 140

88. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്ന ഹോം റൂൾ പ്രസ്ഥാനത്തിന്റെ നേതൃത്വം ആനിബസന്റിനൊപ്പം പങ്കിട്ട വ്യക്തി ആര് ?

(A) ഗോപാലകൃഷ്ണ ഗോഖലെ (B) സുഭാഷ് ചന്ദ്ര ബോസ്
(C) ബാലഗംഗാധര തിലക് (D) ജവഹർലാൽ നെഹ്റു

89. ജ്ഞാനപീഠ പുരസ്കാരം നേടിയ ആദ്യമലയാളി സാഹിത്യകാരൻ ആര് ?

(A) എസ്.കെ. പൊറ്റെക്കാട് (B) ജി. ശങ്കരക്കുറുപ്പ്
(C) ഒ.എൻ.വി. കുറുപ്പ് (D) ജി. ശങ്കരപ്പിള്ള

90. 'ആത്മവിദ്യാ സംഘം' എന്ന സാമൂഹ്യ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വ്യക്തി ആര് ?

(A) വാഗ്ഭടാനന്ദൻ (B) കുമാരഗുരു ദേവൻ
(C) ചട്ടമ്പിസ്വാമികൾ (D) വൈകുണ്ഠ സ്വാമികൾ

91. ഭരണഘടനയുടെ കരട് തയ്യാറാക്കാൻ ഭരണ ഘടന നിർമ്മാണസഭ നിയമിച്ച ഡ്രാഫ്റ്റിംഗ് കമ്മറ്റിയുടെ അദ്ധ്യക്ഷൻ ആരായിരുന്നു ?

(A) ഡോ. രാജേന്ദ്രപ്രസാദ് (B) ബി.എൻ. റാവു
(C) ഡോ. ബി.ആർ. അംബേദ്കർ (D) ഡോ. എസ്. രാധാകൃഷ്ണൻ

92. മൗലികകടമകളിൽ ആറുവയസ്സിനും പതിനാലു വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കാൻ രക്ഷിതാക്കൾക്കുള്ള ചുമതല കൂട്ടിച്ചേർത്തത് എത്രാമത്തെ ഭേദഗതിയിലൂടെയാണ് ?

(A) 42 (B) 86 (C) 82 (D) 46



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

93. കേരള കാളിദാസൻ എന്ന പേരിലറിയപ്പെടുന്ന മലയാള സാഹിത്യകാരൻ ആര് ?
   (A) കേരള വർമ്മ വലിയകോയിത്തമ്പുരാൻ
   (B) എ.ആർ. രാജരാജ വർമ്മ
   (C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
   (D) വള്ളത്തോൾ നാരായണമേനോൻ

94. സൈന നെഹ്വാൾ ഏത് കളിയുമായി ബന്ധപ്പെട്ട കായികതാരമാണ് ?
   (A) ബാഡ്മിന്റൺ (B) ടേബിൾ ടെന്നീസ്
   (C) ലോൺ ടെന്നീസ് (D) ഗോൾഫ്

95. കേരളത്തിലെ ആദ്യ റെയിൽപ്പാത സ്ഥാപിതമായത് എവിടെ ?
   (A) ബേപ്പൂർ-തിരൂർ (B) തിരൂർ-ഷൊർണ്ണൂർ
   (C) തിരൂർ-ചെലവക്കോട് (D) ബേപ്പൂർ-കോഴിക്കോട്

96. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം (ഐ.എസ്.ആർ.ഒ) സ്ഥാപിതമായ വർഷം ഏത് ?
   (A) 1965 (B) 1967 (C) 1969 (D) .1971

97. ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം എത്ര ?
   (A) 65 (B) 60 (C) 58 (D) 62

98. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ പയ്യന്നൂരിൽ വച്ചു നടന്ന ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നല്കിയതാര് ?
   (A) എ.കെ. ഗോപാലൻ (B) കെ. കേളപ്പൻ
   (C) ടി.കെ. മാധവൻ (D) മന്നത്ത് പത്മനാഭൻ

99. അമിതാഭ് ബച്ചൻ ഏതു ചിത്രത്തിലെ അഭിനയത്തിനാണ് പോയ വർഷത്തെ മികച്ച നടനുള്ള ദേശീയ ചലച്ചിത്ര അവാർഡ് കരസ്ഥമാക്കിയത് ?
   (A) തനു വെഡ്സ് മനു റിട്ടേൺസ് (B) ബാജി റാവു മസ്താനി
   (C) പികു (D) തൽവാർ

100. ലാറി ബേക്കർ ഏത് മേഖലയിൽ പ്രശസ്തനായ വ്യക്തിത്വമാണ് ?
   (A) ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണം
   (B) ജൈവകൃഷിരീതി
   (C) പരിസ്ഥിതി പ്രവർത്തനം
   (D) സാമൂഹിക പ്രവർത്തനം

- o O o -



Join PSC WhatsApp Broadcast List : 90747 20773